## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE**:10**.08.2024**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി വയനാട്ടിൽ; ദുരന്തമേഖലാ പ്രദേശങ്ങളിൽ വ്യോമനിരീക്ഷണം നടത്തി; ദുരിതാശ്വാസ ക്യാമ്പുകളും ആശുപത്രിയും പ്രധാനമന്ത്രി അല്പസമയത്തിനകം സന്ദർശിക്കും.

2. വയനാട്ടിലെ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ വിലയിരുത്താൻ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേരും.

3. വയനാട് സൂചിപ്പാറയിൽ നിന്നും കണ്ടെടുത്ത മൂന്ന് മൃതദേഹങ്ങൾ എയർലിഫ്റ്റ് ചെയ്തു; ജനകീയ തെരച്ചിൽ നാളെ പുനരാരംഭിക്കും.

4. പ്രധാൻമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ ഗ്രാമ-നഗര പ്രദേശങ്ങളിലായി മൂന്ന് കോടി പുതിയ വീടുകൾ നിർമ്മിക്കാൻ കേന്ദ്രമന്ത്രി സഭാ തീരുമാനം.

5. പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഹോക്കി ടീമിന് ന്യൂഡൽഹിയിൽ സ്വീകരണം; നാളത്തെ സമാപന ചടങ്ങിൽ പി.ആർ.ശ്രീജേഷും മനുഭാക്കറും ഇന്ത്യൻ പതാകയേന്തും.

*****************************

RNU TVPM

## പ്രധാനമന്ത്രി-വയനാട്

ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാടിലെ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി വയനാട്ടിലെത്തി. ദുരന്ത മേഖലകളിൽ പ്രധാനമന്ത്രി വ്യോമ നിരീക്ഷണം നടത്തി. ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം പ്രദേശങ്ങളാണ് വ്യോമനിരീക്ഷണം നടത്തിയത്. തുടർന്ന് കൽപറ്റ എസ്.കെ.എം.ജെ. സ്കൂൾ ഗ്രൗണ്ടിൽ തയ്യാറാക്കിയ ഹെലിപാഡിൽ ഇറങ്ങിയ അദ്ദേഹം റോഡ് മാർഗം ദുരന്ത ബാധിത പ്രദേശത്തേക്ക് പോയി.

രാവിലെ 11 മണിയോടെ വ്യോമസേനയുടെ എയർ ഇന്ത്യ വൺ വിമാനത്തിൽ കണ്ണൂർ വിമാനത്താവളത്തിൽ എത്തിയ പ്രധാനമന്ത്രിയെ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കെ കെ ശൈലജ എം എൽ എ, ചീഫ് സെക്രട്ടറി ഡോ. വി വേണു, തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പ്രധാനമന്ത്രിയെ വിമാനത്തിൽ അനുഗമിച്ചു.

RNUTVPM

*****************************

## പ്രധാനമന്ത്രി - മെഡിക്കൽ കോളേജ്

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരെ പ്രധാനമന്ത്രി നരേന്ദ്രമോദി അല്പസമയത്തിനകം സന്ദർശിക്കും. ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്രസഹമന്ത്രി സുരേഷ്ഗോപിയും അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്. ചികിത്സ തേടിയവരിൽ 48 പേർ ഇപ്പോഴും ആശുപത്രിയിൽ തുടരുകയാണ്. പ്രധാനമന്ത്രിയുടെ സന്ദർശനാർത്ഥം പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

തുടർന്ന് കളക്ട്രേറ്റിൽ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുന്ന അവലോകന യോഗത്തിൽ നിലവിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ചും വിശകലനം ചെയ്യും. ശേഷം കണ്ണൂർ വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം വിമാനമാർഗം ഡൽഹിയിലേക്ക് മടങ്ങും.

****************************

## സൂചിപ്പാറ- മൃതദേഹം

വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കായുള്ള തിരച്ചിലിൽ ഇന്നലെ കണ്ടെത്തിയ മൃതദേഹങ്ങൾ എയർലിഫ്റ്റ് ചെയ്തു. സൂചിപ്പാറയ്ക്ക് സമീപം കണ്ടെത്തിയ മൂന്ന് മൃതദേഹങ്ങളാണ് വ്യോമസേന ഹെലികോപ്റ്ററിൽ സുൽത്താൻ ബത്തേരിയിൽ എത്തിച്ചത്. തുടർന്ന് ആംബുലൻസിൽ കൽപ്പറ്റ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് മൃതദേഹങ്ങൾ മാറ്റി.

RNU TVPM

****************************

## പ്രധാനമന്ത്രി -തെരച്ചിൽ ഇല്ല

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് വയനാട് ജില്ലയിൽ കർശന നിയന്ത്രണങ്ങളുള്ളതിനാൽ മുണ്ടക്കൈ, ചൂരൽമല തുടങ്ങി ദുരന്തബാധിത പ്രദേശങ്ങളിൽ ഇന്ന് തെരച്ചിൽ ഉണ്ടാകില്ലെന്ന് ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ അറിയിച്ചു. സന്നദ്ധ പ്രവർത്തകർ, തെരച്ചിലുമായി ബന്ധപ്പെട്ട മറ്റുള്ളവർ തുടങ്ങിയവർക്ക് ദുരന്തബാധിത പ്രദേശങ്ങളിൽ പ്രവേശനം ഉണ്ടാകില്ല. നാളെ ജനകീയ തെരച്ചിൽ പുനരാരംഭിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

****************************

## മന്ത്രിസഭ-അംഗീകാരം

പ്രധാനമന്ത്രി ആവാസ് യോജന-അർബൻ 2.0 പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 2024-25 മുതൽ 2028-29 വരെയുള്ള സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമിൺ നടപ്പാക്കുന്നതിനും മന്ത്രിസഭ അനുമതി നൽകി. -പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ മൂന്ന് കോടി പുതിയ വീടുകൾ നിർമ്മിക്കും. ഇതിൽ രണ്ട് കോടി വീടുകൾ ഗ്രാമപ്രദേശങ്ങളിലും ഒരു കോടി നഗരപ്രദേശങ്ങളിലുമാണ് നിർമിക്കുക. കൃഷി, കർഷക ക്ഷേമ മന്ത്രാലയം നിർദ്ദേശിച്ച ക്ലീൻ പ്ലാന്റ് പരിപാടിക്കും സർക്കാർ അംഗീകാരം നൽകി. നൂതന ജൈവ ഇന്ധന പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി പരിഷ്കരിച്ച പ്രധാനമന്ത്രി ജി-വൻ യോജനയ്ക്കും അംഗീകാരം ലഭിച്ചു. കൂടാതെ റെയിൽവേ മന്ത്രാലയത്തിന്റെ 24,657 കോടി രൂപയുടെ എട്ട് പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി അംഗീകാരം നൽകി.

RNU TVPM

***************************

## നിർമ്മലാ സീതാരാമൻ

സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ലളിതവും ഫലപ്രദവുമായ നികുതി സംവിധാനം ഉറപ്പു വരുത്തുകയാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. ആർബിഐ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുത്ത ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി. റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് യോഗത്തിൽ പങ്കെടുത്തു.

***************************

## വി.അബ്ദുറഹ്മാൻ-കണ്ണൂർ

കണ്ണൂർ അഴീക്കോട് ഗ്രാമപഞ്ചായത്തിലെ പി വി രവീന്ദ്രൻ സ്മാരക മിനി സ്റ്റേഡിയത്തിന്റെ ആധുനികവത്കരണ പ്രവൃത്തി ഉദ്ഘാടനം ഇന്ന് വൈകിട്ട് മന്ത്രി വി.അബ്ദുറഹിമാൻ നിർവ്വഹിക്കും. കായിക വകുപ്പിന്റെ 50 ലക്ഷം രൂപയും എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും വിനിയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്.

*****************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ **"നല്ല വാർത്ത"** എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

*****************************

## ചെമ്പൈ പുരസ്കാരം 2024

കർണാടക സംഗീതത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ചെമ്പൈ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. 30 വയസ്സിൽ താഴെയുള്ള നിശ്ചിത യോഗ്യതയുള്ള യുവസംഗീതജ്ഞർക്ക് അപേക്ഷിക്കാം. കർണ്ണാടക സംഗീതം - വായ്പ്പാട്ട്, വയലിൻ, മൃദംഗം, വീണ തുടങ്ങിയ വിഭാഗങ്ങളിലായി അഞ്ച് പുരസ്കാരങ്ങളാണ് നൽകുക.

*****************************

## മേട്ടുക്കുറിഞ്ഞി പൂത്തു-ഇടുക്കി (ഇൻട്രോ)

ഇടുക്കിയുടെ മലനിരകളിൽ മേട്ടുക്കുറിഞ്ഞി പൂത്തു. പുൽമേടുകളിൽ കുറിഞ്ഞികൾ പൂത്തത് സഞ്ചാരികൾക്ക് ദൃശ്യാനുഭവമാകുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയിസ്)

****************************

## പാരീസ് ഒളിമ്പിക്സ്

RNUTVPM

33-ാത് പാരീസ് ഒളിമ്പിക്സിന് നാളെ സമാപനം. രാജ്യത്തിന്റെ അഭിമാന കായിക താരങ്ങളായ പി ആർ ശ്രീജേഷും മനു ഭാക്കറും സമാപന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തും. ഒളിമ്പിക്സിൽ ഗെയിംസിനത്തിൽ ഇന്ത്യയുടെ ശേഷിക്കുന്ന മത്സരാർത്ഥിയായ ഗുസ്തി താരം റീതിക ഹൂഡ ഇന്ന് വനിതകളുടെ 76 കിലോഗ്രാം ഫ്രീസ്റ്റൈൽ ഇനത്തിൽ മത്സരിക്കും. 22 കാരിയായ താരം ഹംഗറിയുടെ ബെർണാഡെറ്റ് നാഗിയെയാണ് ആദ്യ റൗണ്ടിൽ നേരിടുക. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം. ഗോൾഫിൽ, ഇന്നലെ മികച്ച പ്രകടനങ്ങൾ കാഴ്ച വെയ്ക്കാൻ സാധിക്കാത്ത അദിതി അശോകും ദിക്ഷ ദാഗറും ഇന്ന് വനിതാ വിഭാഗത്തിന്റെ അവസാന റൗണ്ടിൽ മത്സരിക്കും. അതേസമയം 50 കിലോഗ്രാം ഗുസ്തിയിൽ വെള്ളി മെഡൽ നൽകണമെന്നാവശ്യപ്പെട്ട് വിനേഷ് ഫോഗട്ട് നൽകിയ ഹർജി, കായിക പരാതികൾ കൈകാര്യം ചെയ്യുന്ന പ്രത്യേക കോടതിയുടെ പരിഗണനയിലാണ്. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യ ഒരു വെള്ളിയും 5 വെങ്കലവും ഉൾപ്പെടെ 6 മെഡലുകളുമായി 69-ാം സ്ഥാനത്താണ്.

വെങ്കൽ മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിന് ഇന്ന് ന്യൂഡൽഹിയിൽ ഊഷ്മള സ്വീകരണം നൽകി.

***************************

## കണ്ണൂർ -മരണം

കണ്ണൂർ പയ്യന്നൂരിനടുത്ത് പാലക്കോട് അഴിമുഖത്ത് ഫൈബർ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. പാലക്കോട് വലിയ കടപ്പുറം സ്വദേശി കെ എ നാസർ ആണ് മരിച്ചത്. രാവിലെയാണ് അപകടം. ഫൈബർ വള്ളം മണൽത്തിട്ടയിൽഇടിച്ചു മറിയുകയായിരുന്നു.

***************************

## പ്രതി മരിച്ചു

തിരുവനന്തപുരം പൗഡിക്കോണത്ത് വെട്ടേറ്റ കൊലക്കേസ് പ്രതി മരിച്ചു. കുറ്റ്യാണി സ്വദേശി ജോയി, മെഡിക്കൽ കോളേജ് ആശുപത്രിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്. കാപ്പ കേസിൽ ശിക്ഷ പൂർത്തിയാക്കി കഴിഞ്ഞ ദിവസമാണ് ഇയാൾ പുറത്തിറങ്ങിയത്. സംഭവത്തിൽ പ്രതികൾക്കായ് തെരച്ചിൽ തുടരുകയാണ്.

PNU TVPM

***************************

## പ്രതിപക്ഷ നേതാവ്

ദേശീയപാതയിൽ കായംകുളത്ത് മേൽപ്പാത നിർമിക്കണമെന്ന ആവശ്യം ഉന്നയിച്ച് സമരം ചെയ്ത യൂത്ത് കോൺഗ്രസ് നേതാക്കളെ ആക്രമിച്ച പൊലീസ് നടപടി അംഗീകരിക്കാനാകില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. അക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച പൊലീസുകാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. പുലർച്ചെ രണ്ടു മണിക്കാണ് യൂത്ത് കോൺഗ്രസ് നേതാക്കളുടെ

വീടുകളിൽ പൊലീസ് അതിക്രമിച്ച് കയറിയതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

**************************

## ഐഎഫ്എഫ്കെ

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ വിവിധ വിഭാഗങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള സിനിമകൾ തെരഞ്ഞെടുക്കുന്നതിനായി ചലച്ചിത്ര അക്കാദമി എൻട്രികൾ ക്ഷണിച്ചു. 2023 സെപ്റ്റംബർ ഒന്നിനും 2024 ആഗസ്റ്റ് 31 നുമിടയിൽ നിർമ്മാണം പൂർത്തിയാക്കിയ ചിത്രങ്ങളാണ് പരിഗണിക്കുക. അടുത്ത മാസം ഒമ്പത് വരെ iffk.in എന്ന വെബ്സൈറ്റ് മുഖേന എൻട്രികൾ സമർപ്പിക്കാം. ചലച്ചിത്രമേള ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്ത് നടക്കും.

RNU TVPM

**************************

## ലോക സിംഹ ദിനം

ഇന്ന് ലോക സിംഹദിനം. സിംഹങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ദിനത്തിൻറെ ലക്ഷ്യം. സിംഹങ്ങളുടെ സംരക്ഷണം രാജ്യത്തിന്റെ കടമയാണെന്നുംഅതിനായി പ്രവർത്തിക്കുന്നവരെ ആശംസിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയിൽ സിംഹങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ രാജ്യത്തെ ആകെ സിംഹങ്ങളുടെ എണ്ണം 674 ആയി വർധിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അറിയിച്ചു.

**************************

*****************************************************************************************************************************

***********